39/2014-M

Maximum : 100 marks

Time : 1 hour and 15 minutes

1. അന്റാർട്ടിക്കയിൽ ഗവേഷണപ്രവർത്തനങ്ങൾക്കായി ഇന്ത്യ സ്ഥാപിച്ച മൂന്നാമത്തെ ഗവേഷണ കേന്ദ്രത്തിന്റെ പേര് :
   (A) ദക്ഷിൺ ഗംഗോത്രി (B) മൈത്രി
   (C) അനഘ (D) ഭാരതി

2. ഇന്ത്യയുടെ പാൽതൊട്ടി എന്നറിയപ്പെടുന്ന സംസ്ഥാനം ഏത്?
   (A) പഞ്ചാബ് (B) കേരളം
   (C) ഹരിയാന (D) മദ്ധ്യപ്രദേശ്

3. ഫെബ്രുവരി 2-ന്റെ പ്രത്യേകതയെന്ത്?
   (A) ലോക കാൻസർ ദിനം (B) ഡാർവ്വിൻ ദിനം
   (C) ലോക തണ്ണീർ ദിനം (D) ലോക ജല ദിനം

4. നാരായൺഹിതി കൊട്ടാരം ആരുടെ ഔദ്യോഗിക വസതിയാണ്?
   (A) നേപ്പാൾ രാജാവ് (B) ജപ്പാൻ പ്രധാനമന്ത്രി
   (C) സിംഗപ്പൂർ പ്രസിഡന്റ് (D) ഭൂട്ടാൻ രാജാവ്

5. ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏതിനാണ് 'മരിച്ചവരുടെ മല' എന്ന് അർത്ഥമുള്ളത്?
   (A) ഹാരപ്പ (B) മോഹൻജദാരോ
   (C) കാലിബർഗൻ (D) ലോത്തൽ

6. ചുവടെ നൽകിയിരിക്കുന്നവയിൽ കൽഹണന്റെ രചനയേത്?
   (A) അഷ്ഠാദ്ധ്യായി (B) രാജതരംഗിണി
   (C) രത്നാവലി (D) ഹിതോപദേശം

7. ഹരിതവിപ്ലവം ഭക്ഷ്യോൽപ്പാദന വർദ്ധനവ് ആണെങ്കിൽ പീതവിപ്ലവം എന്തിന്റെ ഉല്പാദന വർദ്ധനവിനെയാണ് സൂചിപ്പിക്കുന്നത്?
   (A) വനപ്രദേശ വികസനം (B) മരുന്ന് ഉല്പാദനം
   (C) ഭക്ഷ്യയെണ്ണ ഉല്പാദനം (D) മുട്ട ഉല്പാദനം

8. ഇന്ത്യയിലെ ഏറ്റവും വലിയ സൈനിക ബഹുമതി :
   (A) ഭാരതരത്ന (B) പരമവീരചക്രം
   (C) കീർത്തി ചക്ര (D) മഹാവീര ചക്രം

9. കാസർഗോഡ് ഭാഗത്ത് പ്രചാരമുള്ള ഒരു നൃത്തനാടകരൂപമാണ് :

(A) കഥകളി (B) കൂടിയാട്ടം

(C) ചവിട്ടുനാടകം (D) യക്ഷഗാനം

10. വിദേശ സഞ്ചാരിയായ നിക്കോളോകോണ്ടി ആരുടെ കാലത്താണ് ഇന്ത്യ സന്ദർശിച്ചത്?

(A) ചന്ദ്രഗുപ്തമൗര്യൻ (B) ദേവരായ ഒന്നാമൻ

(C) ഹർഷൻ (D) മുഹമ്മദ്ബിൻ തുഗ്ലക്ക്

11. സാമൂതിരിയുടെ കാലത്തുണ്ടായിരുന്ന പ്രസിദ്ധമായ പണ്ഡിത സദസ്സ് :

(A) പതിനെട്ടരക്കവികൾ (B) നവരത്നങ്ങൾ

(C) അഷ്ടദിഗ്ഗജങ്ങൾ (D) രേവതിപട്ടത്താനം

12. മാർച്ച് 21-ന് സൂര്യൻ തലയ്ക്ക് മുകളിലായി കാണപ്പെടുന്നത് എവിടെ?

(A) ഉത്തരായനരേഖയിൽ (B) ദക്ഷിണായനരേഖയിൽ

(C) ഭൂമദ്ധ്യരേഖയിൽ (D) ആർട്ടിക്‌വൃത്തത്തിൽ

13. രാജീവ്ഗാന്ധി ഖേൽരത്ന പുരസ്ക്കാരം നേടിയ ആദ്യ മലയാളി വനിത ആര്?

(A) അഞ്ജു ബോബി ജോർജ്ജ് (B) കെ.എം. ബീനാമോൾ

(C) കർണ്ണം മല്ലേശ്വരി (D) ഷൈനി വിൽസൺ

14. ചുവടെ നൽകിയിരിക്കുന്നവയിൽ സരസ്വതി സമ്മാൻ നേടിയ സാഹിത്യകാരൻ ആര്?

(A) അയ്യപ്പപ്പണിക്കർ (B) ജി. ശങ്കരക്കുറുപ്പ്

(C) ശൂരനാട് കുഞ്ഞൻപിള്ള (D) പാലാ നാരായണൻ നായർ

15. ചലച്ചിത്ര രംഗത്തെ സമഗ്രസംഭാവനയ്ക്കുള്ള ജെ.സി. ഡാനിയേൽ പുരസ്ക്കാരം നേടിയ പ്രഥമ വനിത ആര്?

(A) സുകുമാരി (B) അടൂർ ഭവാനി

(C) ശാരദ (D) ആറന്മുള പൊന്നമ്മ

16. ചെന്നായ് ഏത് രാജ്യത്തെ ദേശീയ മൃഗമാണ്?

(A) ഇറ്റലി (B) ദക്ഷിണകൊറിയ

(C) നേപ്പാൾ (D) കംബോഡിയ

17. 73-ാം വയസ്സിൽ എവറസ്റ്റ് കീഴടക്കിയ ടമേവടനബി ഏത് രാജ്യക്കാരിയാണ്?

(A) ജപ്പാൻ (B) റഷ്യ

(C) ചൈന (D) അമേരിക്ക

18. മാജിനോട്ട് ലൈൻ ഏതൊക്കെ രാജ്യങ്ങളുടെ അതിർത്തി രേഖയാണ്?

(A) ജർമ്മനി-പോളണ്ട്
(B) ജർമ്മനി-ഫ്രാൻസ്
(C) ഉത്തരകൊറിയ-ദക്ഷിണകൊറിയ
(D) യു.എസ്.എ.-കാനഡ

19. ഇന്ത്യയുടെ മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ ആര്?

(A) ഹരിശങ്കർ ബ്രഹ്മ
(B) എസ്.വൈ. ഖുറേഷി
(C) വി.എസ്. സമ്പത്ത്
(D) സുശീൽ കുമാർ ഷിൻഡേ

20. ഇന്ത്യയുടെ 26-ാം ഗ്രാന്റ് മാസ്റ്ററായി തെരഞ്ഞെടുക്കപ്പെട്ട ലളിത് ബാബു ഏത് സംസ്ഥാനക്കാരനാണ്?

(A) കേരളം
(B) ആന്ധ്രാപ്രദേശ്
(C) കർണ്ണാടക
(D) തമിഴ്നാട്

21. അന്താരാഷ്ട്ര നീതിന്യായ കോടതിയിലേക്ക് 2012-ൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ഇന്ത്യൻ ജസ്റ്റിസ് :

(A) ദൽവീർ ഭണ്ഡാരി
(B) എ. ഗോപിനാഥൻ
(C) വിനോദ് റോയ്
(D) വിനോദ് തോമസ്

22. ലോകത്തിലെ ഏറ്റവും ചെറിയ വനിതയായ ജ്യോതിആംജെ ഏത് രാജ്യക്കാരിയാണ്?

(A) ജപ്പാൻ
(B) കാനഡ
(C) ഇന്ത്യ
(D) നേപ്പാൾ

23. കേരളത്തിലെ വിമാനത്താവളങ്ങളിൽ പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള വിമാനത്താവളം ഏത്?

(A) നെടുമ്പാശ്ശേരി
(B) തിരുവനന്തപുരം
(C) കോഴിക്കോട്
(D) ഇവ ഒന്നുമല്ല

24. ചുവടെ നൽകിയിരിക്കുന്ന രാജ്യങ്ങളിൽ ആണവ അന്തർവാഹിനി സ്വന്തമായി ഇല്ലാത്ത രാജ്യം :

(A) ഇന്ത്യ
(B) ചൈന
(C) ബ്രിട്ടൻ
(D) ഇറ്റലി

25. 1950 ജനുവരി 26 - ന് ഭരണഘടന നിലവിൽ വരുമ്പോൾ എട്ട് ഷെഡ്യൂളുകളാണ് ഉണ്ടായിരുന്നത്. ഇപ്പോൾ എത്ര ഷെഡ്യൂളുകൾ ഉണ്ട്?

(A) 11
(B) 13
(C) 9
(D) 12

26. കാനഡയുടെ ദേശീയ പുഷ്പം ഏത്?

(A) മേപ്പിൾ ലീഫ്
(B) റോസ്
(C) ഷംറോക്ക്
(D) ലില്ലി

27. ചുവടെ നൽകിയിരിക്കുന്നവയിൽ ലോക പ്രസിദ്ധമായ കാർ നിർമ്മാണകേന്ദ്രം ഏത്?

(A) ക്രെംലിൻ
(B) ഡിട്രോയിറ്റ്
(C) വാൾസ്ട്രീറ്റ്
(D) പെന്റഗൺ

28. സാമ്പത്തിക ശാസ്ത്രത്തിൽ നോബൽ സമ്മാനം നേടിയ ആദ്യ ഏഷ്യക്കാരൻ :

(A) സാലിറൈസ്
(B) ആൻബ്രാൻ ക്രോഫ്റ്റ്
(C) അമർത്യാസെൻ
(D) ജോൺ.എച്ച്. ഗെൻ

29. "കലാലിറ്റ് ന്യൂനാറ്റ്" ചുവടെ നൽകിയിരിക്കുന്നവയിൽ ഏതിന്റെ പുതിയ പേരാണ്?

(A) ഗ്രീൻലാൻഡ്
(B) ഡച്ച് ഈസ്റ്റ് ഇൻഡീസ്
(C) സെന്റ് പീറ്റേഴ്സ് ബർഗ്
(D) മഡഗാസ്ക്കർ

30. ഖിലാഫത്ത് പ്രസ്ഥാനം ആരംഭിച്ച വർഷം :

(A) 1930
(B) 1828
(C) 1920
(D) 1919

31. അഭയ്ഘട്ട് ആരുടെ അന്ത്യ വിശ്രമ സ്ഥലമാണ്?

(A) ചരൺസിംഗ്
(B) മൊറാർജി ദേശായി
(C) ഡോ. അംബേദ്ക്കർ
(D) ഗുൽസരിലാൽ നന്ദ

32. ചുവടെ നൽകിയിരിക്കുന്നവയിൽ ഏറ്റവും ജനസംഖ്യ കുറവുള്ള രാജ്യം ഏതാണ്?

(A) ബർമ്മ
(B) കാനഡ
(C) റുമേനിയ
(D) ആസ്ട്രേലിയ

33. ഫിലിപ്പീൻസിൽ 6 P.M. ആകുമ്പോൾ അതിന് 180° പടിഞ്ഞാറ് സ്ഥിതിചെയ്യുന്ന പനാമതോടിൽ സമയം എന്തായിരിക്കും?

(A) 2 P.M.
(B) 10 A.M.
(C) 6 A.M.
(D) 6 P.M.

34. ഇന്ത്യയിൽ യൂറോപ്യന്മാരുടെ/പോർട്ടുഗീസുകാരുടെ ആദ്യത്തെ കോട്ട :

(A) മാനുവൽ കോട്ട
(B) എയ്ഞ്ചൽ കോട്ട
(C) അഞ്ചുതെങ്ങു കോട്ട
(D) ബേക്കൽ കോട്ട

35. ടെഹ്റി അണക്കെട്ട് സ്ഥിതിചെയ്യുന്ന സംസ്ഥാനം :

(A) പശ്ചിമബംഗാൾ
(B) ഉത്തർപ്രദേശ്
(C) പഞ്ചാബ്
(D) ബീഹാർ

36. ബാലവേല നിരോധിച്ചിരിക്കുന്ന ഇന്ത്യൻ ഭരണഘടനാ വകുപ്പ് :

(A) 20
(B) 21
(C) 22
(D) 24

37. ചുവടെ നൽകിയിരിക്കുന്നവയിൽ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇനം :

(A) വിദേശകാര്യം
(B) വിലനിയന്ത്രണം
(C) പൊതുജനാരോഗ്യം
(D) എക്സൈസും കസ്റ്റംസും

38. ജലത്തിനടിയിൽ ശബ്ദമളക്കുവാൻ ഉപയോഗിക്കുന്ന ഉപകരണം :

(A) ഹൈഡ്രോമീറ്റർ
(B) ഹൈഗ്രോമീറ്റർ
(C) ഹൈഗ്രോസ്കോപ്പ്
(D) ഹൈഡ്രോഫോൺ

39. ഗോപുരനടയിൽ ആരെഴുതിയ നാടകമാണ്?

(A) സർദാർ കെ.എം. പണിക്കർ
(B) ഉറൂബ്
(C) അക്കിത്തം
(D) എം.ടി. വാസുദേവൻ നായർ

40. ചുവടെ നൽകിയിരിക്കുന്നവയിൽ ആരാണ് ഭോപ്പാൽ പട്ടണത്തിന്റെ സ്ഥാപകൻ?

(A) രാജാഭോജൻ
(B) സവായ് ജയ്സിംഗ്
(C) നരസിംഹവർമ്മൻ ഒന്നാമൻ
(D) ജോധാറാവു

41. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കയച്ച ആദ്യ സ്വകാര്യ ബഹിരാകാശ പേടകം :

(A) ആദിത്യ
(B) സോയൂസ് 31
(C) അറ്റ്ലസ്
(D) ഡ്രാഗൺ

42. സുനാമിയെ തുടർന്ന് പൊട്ടിത്തെറിച്ച ജപ്പാനിലെ ആണവനിലയം :

(A) ഫുക്കുഷിമ
(B) ബുഷേഹർ
(C) ഓൾസ്ബറി ആണവനിലയം
(D) ജയ്താംപൂർ

43. ഇന്ത്യൻ രൂപയുടെ ചിഹ്നം (₹) രൂപകല്പന ചെയ്തതാര്?

(A) എൽ. സുബ്രഹ്മണ്യൻ
(B) ഡി. ഉദയകുമാർ
(C) പി. കേശവദേവ്
(D) ഡി. അജയകുമാർ

44. രാജ്യത്തെ ആദ്യ പ്ലാസ്റ്റിക് മാലിന്യമുക്ത ജില്ല :

(A) കാസർഗോഡ്
(B) മലപ്പുറം
(C) കോഴിക്കോട്
(D) തൃശ്ശൂർ

45. ചാന്നാർ സ്ത്രീകൾക്ക് മാറുമറയ്ക്കാൻ സ്വാതന്ത്ര്യം അനുവദിക്കുന്നതിനുള്ള സമരത്തിന് നേതൃത്വം നൽകിയതാര്?

(A) ശ്രീനാരായണഗുരു

(B) വൈകുണ്ഠസ്വാമികൾ

(C) അയ്യൻകാളി

(D) കുമാരനാശാൻ

46. തിരു-കൊച്ചി രൂപം കൊണ്ട വർഷം :

(A) 1949

(B) 1947

(C) 1948

(D) 1945

47. "വേദങ്ങളിലേയ്ക്കു മടങ്ങിപ്പോകുക" ഏത് സംഘടനയുടെ അടിസ്ഥാന തത്വമായിരുന്നു?

(A) ആര്യസമാജം

(B) ബ്രഹ്മസമാജം

(C) സർവോദയ പ്രസ്ഥാനം

(D) ഭൂദാന പ്രസ്ഥാനം

48. "അഭിനവഭാരത്" എന്ന വിപ്ലവ സംഘടന ആരംഭിച്ചത് :

(A) ബാലഗംഗാധര തിലക്

(B) ലാലാ ലജ്പത്റോയ്

(C) ഭഗത്സിംഗ്

(D) വി.ഡി. സർവക്കർ

49. വിദ്യാധിരാജൻ എന്ന നാമധേയം സ്വീകരിച്ചതാര്?

(A) സി. കേശവൻ

(B) ശ്രീനാരായണഗുരു

(C) ശ്രീചട്ടമ്പിസ്വാമികൾ

(D) അയ്യങ്കാളി

50. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അദ്ധ്യക്ഷനായിരുന്ന മലയാളി :

(A) കെ. കേളപ്പൻ

(B) കാമരാജ്

(C) മന്നത്ത് പത്മനാഭൻ

(D) സി. ശങ്കരൻ നായർ

51. ഇന്ത്യയിലെ ആദ്യത്തെ പോർട്ടുഗീസ് വൈസ്രോയി :

(A) അൽബുക്കർക്ക്

(B) അൽമേഡ

(C) വാസ്ക്കോഡഗാമ

(D) മൗണ്ട് ബാറ്റൺ

52. ശ്രീനാരായണ ഗുരു സമാധിയായ വർഷം :

(A) 1928

(B) 1938

(C) 1930

(D) 1925

53. ലോക മിതവ്യയ ദിനം എന്നാണ്?

(A) നവംബർ 30

(B) ജനുവരി 15

(C) ഡിസംബർ 10

(D) ഒക്ടോബർ 30

54. 2014-ലെ ലോക കപ്പ് ഫുട്ബോളിന്റെ വേദി :

(A) റഷ്യ (B) ഖത്തർ

(C) സ്പെയിൻ (D) ബ്രസീൽ

55. ക്യൂരിയോസിറ്റി ഇറങ്ങിയ ചൊവ്വയിലെ ഗർത്തം അറിയപ്പെടുന്നത് :

(A) മൗണ്ട് ഷാർപ്പ് (B) ഗേൽ ക്രേറ്റർ

(C) പ്ലാങ്ക് (D) മനീറ്റ് സോക്ക്

56. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമം തടയുന്നതിന് സംസ്ഥാന സർക്കാർ, സാമൂഹ്യക്ഷേമ വകുപ്പ് വഴി നടപ്പാക്കുന്ന നൂതന പദ്ധതി :

(A) ശുഭയാത്ര (B) നിർഭയ

(C) സാഫല്യം (D) അഭയ

57. "ജ്ഞാനികളുടെ ആചാര്യൻ" എന്നറിയപ്പെടുന്ന ഗ്രീക്ക് തത്വചിന്തകനാര്?

(A) സോക്രട്ടീസ് (B) പ്ലേറ്റോ

(C) അരിസ്റ്റോട്ടിൽ (D) പെരിക്ലീസ്

58. നിയമങ്ങളുടെ അന്തഃസത്ത എന്ന പുസ്തകം എഴുതിയതാര്?

(A) വോൾട്ടയർ (B) മോണ്ടസ്ക്യൂ

(C) റൂസ്സോ (D) മാക്സിംഗോർക്കി

59. കേരളത്തിലെ ആദ്യത്തെ വൃത്താന്തപത്രം 1881-ൽ കൊച്ചിയിൽ നിന്നും പ്രസിദ്ധീകരണമാരംഭിച്ച കേരളമിത്രമാണ്. ഇതിന്റെ ആദ്യത്തെ പത്രാധിപർ ആരായിരുന്നു?

(A) കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള (B) വക്കം അബ്ദുൾ ഖാദർ

(C) സ്വദേശാഭിമാനി രാമകൃഷ്ണപിള്ള (D) കെ.സി. മാമ്മൻ മാപ്പിള

60. 1956-ൽ കേരള സംസ്ഥാനം രൂപീകൃതമായപ്പോൾ സംസ്ഥാന റയിൽവേപ്പാതയുടെ നീളം 745 KM ആയിരുന്നു. കേരളത്തിലെ ഇപ്പോഴത്തെ ആകെ റയിൽപ്പാതയുടെ നീളം എത്ര?

(A) 1298.8 KM (B) 1198.9 KM

(C) 1398 KM (D) 1178.8 KM

61. If you invited, ——————— :

(A) He will come (B) He would come

(C) He may come (D) He would have come

62. They have been learning English ——————— the past six years.

(A) from (B) since

(C) for (D) through

63. Meaning of the word 'Pedestrian' :

(A) a child specialist (B) a person walking

(C) a teacher of small children (D) a parent

64. She ——————— the B.A. Degree examination in 2012.

(A) has passed (B) passed

(C) had passed (D) will pass

65. The manager is very rude. They cannot ——————— his behaviour.

(A) put down (B) put out

(C) put by (D) put up with

66. Few boys came for the meeting, ———————?

(A) do they? (B) don't they?

(C) didn't they? (D) did they?

67. The train ———————, before he reached the station.

(A) left (B) has left

(C) had left (D) will come

68. You had better ——————— :

(A) eat more fruits (B) to eat more fruits

(C) eaten more fruits (D) to ate more fruits

69. The faster you run, ——————— :

(A) The more soon you reach (B) The sooner you reach

(C) The quicker you reached (D) The sooner you finished

70. If you had worked hard, ——————— :

(A) You would have passed the examination (B) You will pass the examination

(C) You would pass the examination (D) You may pass the examination

71. "Kashmiris easily adapt themselves to new surroundings but they cling with a remarkable tenacity, to their own customs". Here the word 'tenacity' means ——————— :

(A) punctuality (B) firmness

(C) usefulness (D) faithfulness

72. I am ——————— happy and depressed.

(A) alternatively
(B) alternate
(C) alternately
(D) alternative

73. ——————— are probably the most unpopular of all our relatives.

(A) Mother-in-laws
(B) Mothers-in-law
(C) Mothers-in-laws
(D) Mother-in-law

74. He spoke to me ——————— :

(A) very friendly
(B) in a very friendly way
(C) friendly manner
(D) rough way

75. Strange, weird and frightening ——————— the sound of thunder.

(A) was
(B) were
(C) have
(D) had

76. The old man shared his property ——————— his wife, his son and his sister.

(A) among
(B) between
(C) with
(D) together

77. The idiom "a bitter pill to swallow" means ——————— :

(A) Something that is very unpleasant but which must be accepted
(B) A pill that is so bitter that it cannot be swallowed
(C) A pill that is so bitter but very beneficial for health
(D) A pill that should not be avoided as it is bitter

78. Meaning of the word 'heirloom' :

(A) False hair augmenting person's natural hair
(B) A barbaric state or act
(C) Hound used in hunting hares
(D) Piece of property that has been in family for generations

79. The price of vegetables ——————— up.

(A) gone
(B) are gone
(C) have gone
(D) has gone

80. Would you mind ——————— the door?

(A) open
(B) to open
(C) opening
(D) to opening

81. $\sqrt{25} \times \sqrt{49}$ =

(A) 45

(B) 20

(C) 32

(D) 35

82. TWENTY : EWTYTN

NATIVE : ————

(A) TNAIVE

(B) EVITAN

(C) TANEVI

(D) TANIVE

83. ശ്രേണി പൂർത്തികരിക്കുക :

15, 16, 20, 29, ?

(A) 42

(B) 45

(C) 38

(D) 54

84. 1 അടി = ———————— സെ.മീ.

(A) 30.48 സെ.മീ.

(B) 30 സെ.മീ.

(C) 12.4 സെ.മീ.

(D) 29.48 സെ.മീ.

85. 12 സെ.മീ. വ്യാസമുള്ള ഒരു വൃത്തത്തിന്റെ ചുറ്റളവ് എത്ര?

(A) $12\pi$ സെ.മീ.

(B) $12\pi$ ച.സെ.മീ.

(C) $24\pi$ സെ.മീ.

(D) $24\pi$ ച.സെ.മീ.

86. ഒരു ഫോട്ടോ ചൂണ്ടിക്കാണിച്ചുകൊണ്ട് സനൽ പറഞ്ഞു "ദീപ എന്റെ അപ്പൂപ്പന്റെ ഒരേയൊരു മകന്റെ മകളാണ്" അങ്ങനെയെങ്കിൽ ദീപയ്ക്ക് സനലിനോടുള്ള ബന്ധമെന്ത്?

(A) അമ്മ

(B) സഹോദരി

(C) നാത്തൂൻ

(D) മകൻ

87. ഒറ്റയാൻ ആര്?

17, 23, 31, 43, 63

(A) 63

(B) 31

(C) 23

(D) 17

88. 15 ജോലിക്കാർ 4 ദിവസം കൊണ്ട് ഒരു ജോലി ചെയ്തു തീർക്കുന്നു. അതേ ജോലി ചെയ്യാൻ 6 പേരുണ്ടെങ്കിൽ എത്ര ദിവസം വേണം?

(A) 7 (B) 12

(C) 8 (D) 10

89. ഒരു ട്രെയിനിന് 100 മീറ്റർ നീളമുണ്ട്. മണിക്കൂറിൽ 54 കിലോമീറ്റർ വേഗതയാണുള്ളത്. 80 മീറ്റർ നീളമുള്ള ഒരു പാലം കടക്കാൻ ട്രെയിൻ എന്തു സമയമെടുക്കും?

(A) 11 സെക്കന്റ് (B) 16 സെക്കന്റ്

(C) 12 സെക്കന്റ് (D) 10 സെക്കന്റ്

90. $\frac{4}{7} \div \frac{4}{7} \times \frac{4}{7} =$

(A) $\frac{4}{7}$ (B) $\frac{7}{4}$

(C) $\frac{1}{7}$ (D) 1

91. $A:B = 3:4$ $B:C = 6:9$ ആയാൽ $A:B:C$ എത്ര?

(A) 3 : 6 : 4 (B) 6 : 9 : 8

(C) 3 : 4 : 6 (D) 6 : 8 : 9

92. $2^0 \times 2^3 \times 2^2 =$

(A) 32 (B) 64

(C) 16 (D) 8

93. A യിൽ നിന്ന് രമേശ് നേരെ വടക്കോട്ട് 100 മീറ്റർ നടന്നിട്ട് നേരെ വലത്തോട്ട് 50 മീറ്റർ ദൂരം പോയി. തുടർന്ന് അയാൾ നേരെ വലത്തോട്ട് 85 മീറ്റർ നടന്നശേഷം വീണ്ടും നേരെ വലത്തോട്ട് 50 മീറ്റർ നടന്നു. ഇപ്പോൾ രമേശ് എത്തിയത് A യിൽ നിന്ന് എത്ര അകലെയാണ്?

(A) 20 മീറ്റർ (B) 15 മീറ്റർ

(C) 8 മീറ്റർ (D) 12 മീറ്റർ

94. + എന്നാൽ ÷ ഉം, − എന്നാൽ × ഉം, ÷ എന്നാൽ − ഉം, × എന്നാൽ + ഉം ആയാൽ

$8 - 6 \div 2 + 2 \times 1 =$

(A) 3 (B) 18

(C) 48 (D) 24

95. $(.4)^3 =$

(A) .12 (B) .7

(C) .64 (D) .064

96. ഒരു ക്ലോക്കിൽ കാണിക്കുന്ന സമയം 8.30 മണിയാണ് എന്നാൽ കണ്ണാടിയിൽ അതിന്റെ പ്രതിബിംബം കാണിക്കുന്ന സമയം എത്ര?

(A) 3 മണി (B) 4 മണി

(C) 4.30 മണി (D) 3.30 മണി

97. സുനിതയുടെ റാങ്ക് മുകളിൽ നിന്ന് 18-ാമതും താഴെ നിന്ന് 17-ാമതുമാണെങ്കിൽ ആ ക്ലാസ്സിൽ മൊത്തം എത്ര കുട്ടികൾ ഉണ്ട്?

(A) 34 (B) 33

(C) 35 (D) 36

98. സോമൻ 100 രൂപയ്ക്ക് ഒരു മാസം 5 രൂപ എന്ന നിരക്കിൽ പലിശ കണക്കാക്കുന്ന ഒരു പണമിടപാടുകാരനിൽ നിന്ന് 15,000 രൂപ കടമെടുത്തു. 2 വർഷം കഴിയുമ്പോൾ സോമൻ എത്ര രൂപ തിരിച്ചടയ്ക്കണം?

(A) 32,000 രൂപ (B) 15,000 രൂപ

(C) 18,000 രൂപ (D) 33,000 രൂപ

99. 600 ന്റെ ———————— % = 84.

(A) 15% (B) 18%

(C) 14% (D) 12%

100. സുരേഷ് ഒരു റേഡിയോ 2,400 രൂപയ്ക്ക് വിറ്റു. 20% ലാഭമാണു കിട്ടിയത്. എങ്കിൽ ആ റേഡിയോ എത്ര രൂപയ്ക്കാണു സുരേഷ് വാങ്ങിയത്?

(A) 2,500 രൂപ (B) 2,000 രൂപ

(C) 2,800 രൂപ (D) 3,000 രൂപ